ഭാര്യയേയും മകളെയും ഗോപാലൻ തട്ടിക്കൊണ്ടുപോയതെന്നും മണിമല പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെന്നും എന്നാൽ പോലീസ് അന്വേഷണം ഒന്നും നടത്തിയില്ലെന്നും, അതിനുശേഷം വനിതാകമ്മീഷന് പരാതി നൽകിയെന്നും പറയുന്നുണ്ട്. ഭാര്യയേയും കുട്ടിയേയും അന്വേഷിച്ച് രാജൻ ബന്ധുഗൃഹങ്ങളിൽ പോയെങ്കിലും വിവരമൊന്നും ലഭിച്ചില്ല. കോഴിക്കോട് ഉണ്ടെന്ന് ഒരു സൂചന കിട്ടിയതനുസരിച്ച് രാജൻ അവിടെയൊക്കെ അന്വേഷിച്ചു, നഗരത്തിലുള്ള കേരളാഭവൻ എന്ന ലോഡ്ജിൽ തന്റെ ഭാര്യയേയും ഗോപാലനേയും കണ്ടു എന്ന് രാജൻ പറഞ്ഞു, ഗോപാലനോടൊപ്പമുള്ള സ്ത്രീ തന്റെ ഭാര്യയാണെന്നും പോലീസിനെ വിളിക്കണമെന്നും ലോഡ്ജുകാരോട് ആവശ്യപ്പെട്ടപ്പോൾ അവർ രാജനെ വിരട്ടിയോടിച്ചു എന്നാണ് പറയുന്നത്. രാജൻ കോഴിക്കോട് കസ്ബ സ്റ്റേഷൻ എസ്.ഐയ്ക്കും, നടക്കാവ് പോലീസ് ഇൻസ്പെക്ടർക്കും സിറ്റി പോലീസ് കമ്മിഷണർക്കും പരാതി നൽകിയതായി പറയുന്നു. ലോഡ്ജിൽ റെയിഡ് നടത്തിയെന്നും ഫലമുണ്ടായില്ലെന്നും പരാതിയുണ്ട്. 27-6-99-ന് മണിമല പോലീസ് കോഴിക്കോട്ടെ ഏതോ ലോഡ്ജിൽനിന്ന് തന്റെ ഭാര്യയേയും കുഞ്ഞിനേയും കസ്റ്റഡിയിൽ എടുത്തുവെന്ന് അറിയാൻ കഴിഞ്ഞു എന്നും അവരെ കോടതിയിൽ ഹാജരാക്കുകയോ തനിക്ക് വിട്ടുകിട്ടുകയോ ചെയ്തിട്ടില്ലായെന്നും രാജൻ പറയുന്നു. തന്റെ ഭാര്യയും കുട്ടിയും എവിടെയുണ്ടെന്ന് രാജന് അറിയില്ല. അയാളെ കള്ളക്കേസ്സിൽ കുടുക്കാൻ മണിമല പോലീസ് ശ്രമിക്കുന്നതായി രാജൻ പരാതിപ്പെട്ടു, തട്ടിക്കൊണ്ടുപോയി എന്ന പരാതിയെ സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. 12-6-99-ലെ ദേശാഭിമാനിയിലും, 14-6-99-ലെ ചന്ദ്രികയിലും വാർത്ത വന്നിട്ടുണ്ട്, അത് എന്റെ കൈവശമുണ്ട്, രാജന്റെ ഭാര്യ ശോഭനയേയും, മകൾ ഉപാസനയേയും കണ്ടുപിടിച്ച് അയാളെ ഏൽപ്പിക്കുകയും കുറ്റവാളികൾക്കെതിരെ കേസ്സ് എടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കോട്ടയം മണിമല, കരിക്കാട്ടൂർ തളത്തിൽ വീട്ടിൽ രാജൻ ഭാര്യ ശോഭനയേയും മൂന്നു വയസുള്ള കുട്ടിയേയും 10-5-99 മുതൽ കാണാനില്ലെന്ന് 11-6-99-ന് മണിമല പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചു. ഇതു സംബന്ധിച്ച് ക്രൈം 101/99-ാം നമ്പർ ആയി കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരികയാണ്. ശോഭനയെ തട്ടിക്കൊണ്ടുപോയതാണെന്ന പരാതി രാജൻ സർക്കാരിന് നൽകിയിരുന്നു. അതു സംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. ശോഭനയെ കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സജീവമായ ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. ഇൻവെസ്റ്റിഗേഷന്റെ വിശദാംശങ്ങൾ പൊതുതാൽപ്പര്യം മുൻനിർത്തി വെളിപ്പെടുത്തുന്നത് ശരിയല്ല. ഇൻവെസ്റ്റിഗേഷൻ നടത്തും, നീതിപൂർവമായ നടപടി സ്വീകരിക്കും.

(4) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുഞ്ഞിമൊയ്തീൻ കുട്ടിയുടെ മരണം

ശ്രീ. നാലകത്തു സൂപ്പി : പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിലേക്ക് ഇന്ന് ബഹുജന മാർച്ച് നടക്കുകയാണ്. അങ്ങാടിപ്പുറം പഞ്ചായത്തിലെ പുത്തനങ്ങാടി എന്ന സ്ഥലത്ത് കഴിഞ്ഞ വെള്ളിയാഴ്ച ഡി.സി.സി. മെമ്പറും മുൻ പഞ്ചായത്ത് പ്രസിഡന്റും ബാങ്ക് ഡയറക്ടറുമായ കുഞ്ഞിമൊ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യ്തീൻകുട്ടിയെന്നു പറയുന്ന ഒരു കോൺഗ്രസ് പ്രവർത്തകൻ മരിക്കാനിട യായി. അദ്ദേഹത്തിന്റെ റബർക്കടയിൽ റബർ ഇറക്കുന്നതു സംബന്ധിച്ച് രണ്ടു വിഭാഗം തൊഴിലാളികൾ തമ്മിൽ തർക്കമുണ്ടായി. ആ തർക്കം അവസാനിപ്പി ക്കാൻ നിശ്ചയിച്ച സമയത്തിനുമുമ്പ് പെരിന്തൽമണ്ണ സബ്ഇൻസ്പെക്ടറും പാർട്ടിയും വരികയും അവിടെക്കൂടിയ ആളുകളുടെ മുമ്പിൽവച്ച് കുഞ്ഞിമൊ യ്തീൻകുട്ടിയെ ചീത്ത വിളിക്കുകയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തു. ഇതിനകം കുഞ്ഞിമൊയ്തീൻകുട്ടിയുമായി ബന്ധപ്പെട്ട് രണ്ടു ഡസനിലധികം കേസ്സുകളിൽ പോലീസ് ഇടപെട്ടിട്ടുണ്ട്. അദ്ദേഹത്തെ പലത വണ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. ഒരു ലോറി വന്നു, അതിൽ ആരു സാധനം കയ റ്റുമെന്ന തർക്കമുണ്ടായി. ഐ.എൻ.ടി.യു.സി.ക്കാർ കയറ്റുമോ, സി.ഐ.ടി.യു. ക്കാർ കയറ്റുമോ എന്ന തർക്കമായിരുന്നു, ആ തർക്കത്തിനിടയ്ക്ക് വളരെ മോശമായി കുഞ്ഞിമൊയ്തീൻകുട്ടിയെ ചീത്ത വിളിക്കുകയും പോലീസ് ജീപ്പിൽ കയറ്റാൻ പെരിന്തൽമണ്ണ എസ്.ഐ. ശ്രമിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് വാക്കുതർക്കമുണ്ടായി. കുഞ്ഞിമൊയ്തീൻകുട്ടിക്ക് വളരെ പ്രയാ സമുണ്ടായി, ആ സ്പോട്ടിൽവച്ചുതന്നെ നെഞ്ചുവേദന വന്നു, പറയുമ്പോൾ എനിക്ക് പ്രയാസമുണ്ട്, കുഞ്ഞിമൊയ്തീൻകുട്ടിയെ കിട്ടിയ വാഹനത്തിൽ കയറ്റി പെരിന്തൽമണ്ണയിലേക്കു കൊണ്ടുപോകുന്ന വഴിക്ക് അങ്ങാടിപ്പുറത്തു വച്ചാണ് അദ്ദേഹം മരിച്ചത്. മൗലാനാ ആശുപത്രിയിൽ എത്തിയപ്പോഴേക്കും മരണം സംഭവിച്ചുകഴിഞ്ഞു. മരണകാരണം പോലീസ് സ്റ്റേഷനിലെ മർദ്ദനമല്ല. പക്ഷെ ആ സംഭവം നല്ല രീതിയിൽ കൈകാര്യം ചെയ്യാമായിരുന്നു, പോലീസ് അനാവശ്യമായി കയറിവന്ന് ഹരാസ് ചെയ്തു പീഡിപ്പിച്ചു, മോശമായി പെരു മാറി ആ മാനസികവിഷമം കൊണ്ടാണ് കുഞ്ഞിമൊയ്തീൻകുട്ടി മരിക്കാൻ ഇടയായത്. ഈ സാഹചര്യം ഉണ്ടാകാൻ പാടില്ലായിരുന്നു, ഇക്കാര്യത്തെ വളരെ ഗൗരവമായി കണ്ട് ഗവൺമെന്റ് നടപടിയെടുക്കണം, ഇതിൽ പ്രതിഷേ ധിച്ച് നാട്ടുകാർ ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും പോലീസ് സ്റ്റേഷ നിലേക്ക് ബഹുജനമാർച്ച് നടത്തുകയുമാണ്. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല, ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരി ക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : അങ്ങാടിപ്പുറം പുത്തനങ്ങാടിയിൽ ബേബിയും കുഞ്ഞിമൊ യ്തീൻകുട്ടി എന്ന കുഞ്ഞാകുട്ടിയും ചേർന്നു നടത്തുന്ന കെ.ബി. ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ പുതിയതായി നാലുപേർക്കു തൊഴിൽ നൽകുന്നതു സംബന്ധിച്ച് തർക്കമുണ്ടായി. അതേപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചതനുസരിച്ച് 1-7-1999-ന് കടയുടമയേയും തൊഴി ലാളി നേതാക്കളേയും പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ചിരുന്നു, കടയുടമ ചർച്ചയ്ക്ക് ഹാജരായില്ല, 2-7-99-ന് ലോഡു കയറ്റുന്നതുമായി ബന്ധപ്പെട്ട് സംഘർഷാവസ്ഥയുണ്ടാകുമെന്ന് ഇൻസ്പെക്ടർക്ക് വിവരം ലഭിച്ചു, സബ് ഇൻസ്പെക്ടർ വൈകിട്ട് 5.15-ന് സ്ഥലത്തെത്തുകയും തർക്കം പരിഹരിക്കാൻ ഇരു കക്ഷികളെയും സ്റ്റേഷനിൽ എത്താൻ ആവശ്യപ്പെടു കയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് കുഞ്ഞിമൊയ്തീൻകുട്ടി സബ് ഇൻസ്പെക്ടറോട് കുപിതനായി സംസാരിക്കുകയും തുടർന്ന് 6.45-ന് ഒരു കാറിൽ കയറി പോകുകയുമാണുണ്ടായത്. വൈകുന്നേരം 6.45-ന് കുഞ്ഞിമൊ യ്തീൻകുട്ടി പെരിന്തൽമണ്ണ മൗലാനാ ആശുപത്രിയിൽ വച്ച് ഹൃദയസ്തംഭനം മൂലം മരണമടഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട അംഗം പോലീസ് മർദ്ദനം

കൊണ്ടല്ല എന്നുള്ള വസ്തുത ശരി വയ്ക്കുന്നു. പക്ഷെ അദ്ദേഹം വേറെ കുറെ കാര്യങ്ങൾ പറഞ്ഞു, പീഡനം, വിഷമിപ്പിക്കൽ, അനീതി എന്നൊക്കെ ഗവൺമെന്റിന് കിട്ടിയ വിവരമാണ് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗൗരവമായിട്ട് കണക്കിലെടുക്കും. അതന്വേഷിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(5) പുതിയകാവ് ചിറയിലെ വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് പരിസ്ഥിതിവാദികൾ തടസ്സം ഉണ്ടാക്കിയതിന് ഏറ്റവും വലിയ മൂക രക്തസാക്ഷിയാണ് എന്റെ നിയോജകമ ണ്ഡലത്തിലെ പുതിയകാവ് ചിറയിലെ വഴിയോര വിശ്രമകേന്ദ്രം. ലക്ഷക്കണ ക്കിന് രൂപ മുടക്കി 1995-ൽ അതിന്റെ പണി ആരംഭിച്ചെങ്കിലും പണി പകുതി കഴിഞ്ഞപ്പോൾ പരിസ്ഥിതിവാദികൾ കണ്ടുപിടിച്ചത് അവിടെ സൂക്ഷ്മാണു ക്കൾ നശിച്ചുപോകുമെന്നാണ്, അതുകൊണ്ട് ആ വർക്ക് അവസാനിപ്പിക്കണ മെന്നാണ്. രണ്ടുമൂന്നു തലത്തിൽ അതിനുള്ള ചർച്ചകൾ നടത്തിയതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽവച്ചുതന്നെ ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻമാരുമായിട്ട് ചർച്ച നടന്നു. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു മാസ ത്തിനുള്ളിൽ തീരുമാനമെടുക്കാമെന്നും ആ ഒരു മാസത്തിനുള്ളിൽ തീരുമാന മായില്ലെങ്കിൽ ഈ ഒബ്ജക്ഷൻ നിലനിൽക്കില്ല എന്നുള്ള പ്രിസംപ്ഷനോടു കൂടി മുന്നോട്ടു നീങ്ങാം എന്നുമുള്ള ഒരു ഏകദേശ ധാരണയുണ്ടായതാണ്. അതിനുശേഷം വീണ്ടും വർഷങ്ങൾ പോയി. പുതിയകാവ് ചിറ പദ്ധതി പൂർത്തിയാക്കാതിരിക്കുന്നതിനുവേണ്ടി കരുതിക്കൂട്ടിയുള്ള ശ്രമങ്ങൾ നടത്തി ക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് ധനസഹായം കിട്ടുന്ന ഒരു പദ്ധതിയാണ്. സംസ്ഥാനത്തെ ടൂറിസം ഡിപ്പാർട്ടു മെന്റിന് വളരെ ആത്മാഭിമാനം ഉയർത്താൻ കഴിയുന്ന പദ്ധതിയാണത്. ഇതേ രൂപത്തിലുള്ള പദ്ധതി വൈക്കം കായലിൽ ഇപ്പോൾത്തന്നെ പണി പൂർത്തി യാക്കിയിട്ടുണ്ട്. പരിസ്ഥിതി വാദികൾ സംസ്ഥാനത്തെ വികസന പ്രവർത്ത നത്തെ തടസ്സപ്പെടുത്തുന്നതിനെതിരായിട്ട് ശക്തമായ നടപടിയെടുക്കുകയും പുതിയകാവ് ചിറയിൽ വഴിയോരവിശ്രമകേന്ദ്രം ആരംഭിക്കുന്നതിനുള്ള അടിയ ന്തിരനടപടികൾ ഉണ്ടാവുകയും ചെയ്യണമെന്ന് ടൂറിസം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u>) : അവിടെ കുറച്ച് പണിയൊക്കെ തുടങ്ങിയപ്പോൾ പരിസ്ഥിതിവാദി കളുടെ വളരെ രൂക്ഷമായ എതിർപ്പ് വന്നപ്പോൾ ഞാൻ ഒരു കോൺഫറൻസ് വിളിച്ചു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ആ കോൺഫറൻസിൽ ഉണ്ടായിരുന്നു. ഞങ്ങളെല്ലാംകൂടി ഒരു ധാരണയായി ജലവിഭവവിനിയോഗ വിക സന കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാരെ ഇതിന് ചുമതലപ്പെടുത്താമെന്ന് തീരു മാനിച്ചു. ശ്രീ. ജെയിംസ് ജോസഫിനെ ആണെന്ന്തോന്നുന്നു. അദ്ദഹത്തെ ചുമ തലപ്പെടുത്തി. അദ്ദേഹം കുറേനാൾ ഈ കടലാസുമായിട്ട് നടന്നതിനുശേഷം അവസാനം പറഞ്ഞു എനിക്ക് ഒരു പ്രത്യേക ഓർഡർ തന്നെങ്കിൽ മാത്രമേ ഞാൻ ചെയ്യൂ എന്ന്. അത് വളരെ ലേറ്റായിട്ടാണ് പറഞ്ഞത്. അതുകൊണ്ട് അദ്ദേ ഹത്തിന്റെ കയ്യിൽനിന്ന് അത് എടുത്തുമാറ്റിയിട്ട് ഇപ്പോൾ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ ഏൽപ്പിച്ചു. അവർ ഈ ജൂലായ് 15-ാം തീയതി റിപ്പോർട്ട് തരാമെന്നാണ് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly